(ബി) സംസ്ഥാനത്ത് 1-1-2004-ലെ കണക്കു പ്രകാരം 177 ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും, 94 ഐ.പി.എസ്. ഉദ്യോഗസ്ഥൻമാരും, 81 ഐ.എഫ്.എസ്. ഉദ്യോഗസ്ഥൻമാരുമുണ്ട്. 1-1-1996-ൽ സംസ്ഥാനത്ത് 161 ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും 102 ഐ.പി.എസ്. ഉദ്യോഗസ്ഥൻമാരും 79 ഐ.എഫ്.എസ്. ഉദ്യോഗസ്ഥൻമാരും ഉണ്ടായിരുന്നു.

(സി—ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്ന സേനാനികളും ആശ്രിതരും

6 [2485] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേന്ദ്ര/സംസ്ഥാന പെൻഷൻ ലഭിക്കുന്ന സമര സേനാനികളും ആശ്രിതരും എത്ര പേരാണ്;

(ബി) രക്തസാക്ഷികളുടേയും മറ്റ് സ്വാതന്ത്ര്യ സമര പ്രക്ഷോഭകരുടേയും അനുഭവങ്ങളെ ആദരിക്കാനും അനുസ്മരിക്കാനും കേരള സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

ആസൂത്രണകമ്മീഷന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സാമ്പിൾ ഓർഗനൈസേഷൻ നടത്തിയ സർവ്വെ

7 [2487] ശ്രീ. പി. എസ്. സുപാൽ:
" ബിനോയ് വിശ്വം:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സാമ്പിൾ ഓർഗനൈസേഷൻ കേരളത്തിൽ ഒരു സർവ്വെ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ന്നടത്തിയത്;

(ബി) ഈ സർവ്വെയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) ഈ സർവ്വെയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ഈ നടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആവശ്യത്തിൻമേൽ എന്തെങ്കിലും നടപടികൾ ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly